# റിപ്പോർട്ട്

# ആഹാർ 2025




ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആൻഡ് ഹോസ്പിറ്റാലിറ്റി മേളകളിൽ ഒന്നാണ് ആഹാർ. ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) പ്രോത്സാഹിപ്പിക്കുന്നതിനും അന്തരാഷ്ട്രത്തലത്തിൽ കച്ചവട സാധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുന്ന ആഹാറിന്റെ 38- മത് എഡിഷനാണ് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപം കോംപ്ലകസിൽ 2025 മാർച്ച് 04 മുതൽ 08 വരെ കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന് കീഴിലെ ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷന്റെ (ITPO) നേതൃത്വത്തിൽ സംഘടിപ്പിച്ചത്.

വിദേശ വ്യാപാരപ്രതിനിധികൾ, കയറ്റുമതിക്കാർ, ഇറക്കുമതിക്കാർ, വിതരണക്കാർ, ഹോസ്പിറ്റാലിറ്റി വ്യാപാര പ്രതിനിധികൾ/സേവനദാതാക്കൾ, സ്റ്റാർട്ടപ്പുകൾ, സംരംഭകർ, സംഘടിത ചില്ലറ വ്യാപാരികൾ/കോർപ്പറേറ്റുകൾ, ഭക്ഷ്യ സംസ്കരണ അനുബന്ധ മേഖലയിലെ യന്ത്രനിർമ്മാതാക്കൾ എന്നിങ്ങനെ വലിയൊരു വിഭാഗം തന്നെ ഒരു കുടക്കീഴിൽ ഒരുമിച്ചു അണിനിരക്കുന്നതിനും അനന്തമായ വ്യവസായ സാദ്ധ്യതകൾ തുറന്നിടുന്നതിനുമാണ് എല്ലാ വർഷവും സംഘടിപ്പിക്കുന്ന ആഹാർ പോലൊരു മഹാമേള അവസരമൊരുക്കുന്നത്.

ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആൻഡ് ഹോസ്പിറ്റാലിറ്റി മേളകളിൽ ഒന്നായ ആഹാർ ന്റെ 39 ആമത് എഡിഷനാണ് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപം കോംപ്ലകസിൽ 2025 മാർച്ച് 04 മുതൽ 08 വരെ സംഘടിപ്പിച്ചത്.

കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന് കീഴിലെ ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിച്ച മേളയിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ നിന്നായി 1500 ലധികം വ്യാപാരികളാണ് പങ്കെടുത്തത്. അമേരിക്ക, ഓസ്ട്രേലിയ, ബ്രസീൽ, സ്വീഡൻ, സൗത്ത് കൊറിയ, റഷ്യ തുടങ്ങിയ വിവിധ രാജ്യങ്ങളിൽ നിന്നുള്ള സംരംഭകരും മേളയിൽ പങ്കെടുത്തിരുന്നു.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് (കെബിപ്പ്) പവലിയൻ ഏകോപിപ്പിച്ചത്. കേരളത്തിൽ നിന്നുമുള്ള 14 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് കേരളത്തെ പ്രതിനിധീകരിച്ചു മേളയിൽ പങ്കെടുത്തത്. 1 ലക്ഷം സ്ക്വയർ മീറ്റർ ചുറ്റളവിൽ സംഘടിപ്പിച്ച മേളയുടെ പ്രധാന ആകര്ഷകങ്ങളിൽ ഒന്ന് കേരള പവലിയൻ ആയിരുന്നു. ദിവസവും ഏകദേശം 10,000 ത്തിലധികം ബിസിനസ്സ് സന്ദർശകർ പങ്കെടുത്ത മേളയിൽ സംഘടനാ മികവ് കൊണ്ടും ഉൽപ്പന്ന വൈവിധ്യം കൊണ്ടും കേരള പവലിയൻ പ്രശംസ പിടിച്ചുപറ്റി.

<u>ആഹാർ 2025</u>



ഫുഡ് & ഹോസ്പിറ്റാലിറ്റി മേളകളിൽ ഏഷ്യയിലെ ഏറ്റവും വലിയ ഇവന്റുകളിലൊന്നാണ് ആഹാർ. ഓരോ വർഷവും സംഘടനാപരമായും പങ്കാളിത്തപരമായും വളരുന്ന മേള ആഗോള വ്യവസായികളുടെയും സംരംഭകരുടെയും ഉത്പന്ന ഉറവിടങ്ങൾ തേടിയുള്ള യാത്രയുടെ ലക്ഷ്യസ്ഥാനം കൂടിയാണ്. ഇന്റർനാഷണൽ ബയർമാരുടെ പങ്കാളിത്തവും സന്ദർശക ബാഹുല്യവും കൊണ്ട് തന്നെ ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭകർക്ക് പ്രോഡക്ട് ലോഞ്ചുകൾ, പ്രൊമോഷനുകൾ, ടെസ്റ്റ് മാർക്കറ്റിംഗ്, എന്നിവയ്ക്ക് അനുയോജ്യമായ പ്ലാറ്റ്ഫോമുകളിൽ ഒന്നാണ് ആഹാർ എക്സിബിഷൻ.

39-മത് 'ആഹാർ ' പതിപ്പിൽ ഭക്ഷ്യ ഉൽപ്പന്നങ്ങളും പാനീയങ്ങളും, F&B ഉപകരണ മേഖല (നിർമാണം/സംസ്കരണം/പാക്കേജിംഗ്) ഹോസ്പിറ്റാലിറ്റി & ഡെക്കോർ സൊല്യൂഷനുകൾ തുടങ്ങി വിവിധ മേഖലകളിലെ സംരംഭകരാണ് അണിനിരന്നത്. പാലുൽപ്പന്നങ്ങൾ, മിഠായി, പ്രകൃതിദത്ത ആരോഗ്യ ഉൽപ്പന്നങ്ങൾ, അഡിറ്റീവുകളും പ്രിസർവേറ്റീവുകളും, ചോക്കലേറ്റ്, ഡെസേർട്ട്സ്, ബേക്കറി ഉൽപ്പന്നങ്ങളും ചേരുവകളും, ഫ്രോസൺ ഉത്പന്നങ്ങൾ തുടങ്ങിയവയാണ് ഭക്ഷ്യ ഉൽപ്പന്നങ്ങളും പാനീയങ്ങളും എന്ന വിഭാഗത്തോടനുബന്ധമായി ഉൾക്കൊള്ളിച്ചിരുന്നത്. സാങ്കേതികസഹായങ്ങൾ, റഫ്രിജറേഷൻ/ചില്ലറുകൾ/ ഫ്രീസറുകൾ, അടുക്കള ഉപകരണങ്ങൾ, തുടങ്ങിയവയാണ് F&B ഉപകരണമേഖലയിൽ (നിർമാണം/സംസ്കരണം/പാക്കേജിംഗ്) മെഷിനറി വിഭാഗത്തിൽ പ്രദർശിപ്പിച്ചത്. ഹൗസ് കീപ്പിംഗ് ഉൽപ്പന്നങ്ങൾ, അലക്കു & ശുചീകരണ ഉപകരണങ്ങൾ, കോർപ്പറേറ്റ് സമ്മാനങ്ങളും അലങ്കാരങ്ങളും, ഇൻ-റൂം ടെക്നോളജി, ഫർണിച്ചർ & ഇന്റീരിയറുകൾ, ഹോസ്പിറ്റാലിറ്റി സപ്പോർട്ട്, ഐടി സൊല്യൂഷൻസ് എന്നിവരുൾപ്പെടുന്നതായിരുന്നു ഹോസ്പിറ്റാലിറ്റി & ഡെക്കോർ വിഭാഗം. ഇവ കൂടാതെ വിദേശ പങ്കാളിത്തം ഉറപ്പാക്കുന്ന പവിലിയനുകൾ വരെ സംഘാടകർ ഒരുക്കിയിരുന്നു.

ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള സംരംഭക സാദ്ധ്യതകൾ തുറന്നിടുന്നതിനുള്ള ഒരു പ്ലാറ്റഫോം ഒരുക്കുക എന്നതിലുപരി ഫുഡ് പാർക്കുകൾ സ്ഥാപിക്കൽ, മൂല്യവർധിത കേന്ദ്രങ്ങൾ, സംയോജിത കോൾഡ്-ചെയിൻ സൗകര്യങ്ങൾ ഒരുക്കുക, പാക്കേജിംഗ്, ബ്രാൻഡിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സർക്കാർ പദ്ധതികൾ പരിചയപ്പെടുത്തുക, സാങ്കേതിക നവീകരണം, B2B മീറ്റിംഗ്സ്, എന്നിവയും ആഹാർ വാഗ്ദാനം ചെയ്യുന്നു.

## കേരളത്തിന്റെ പങ്കാളിത്തം

കേരളത്തിലെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നവ സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്നതിനും പുതിയ സംരംഭക കൈകോർക്കലുകൾ സാധ്യമാക്കുന്നതിനുമുള്ള അവസരമായിരുന്നു ആഹാർ 2025. ഇതിലൂടെ ഭക്ഷ്യ സംസ്കരണത്തിലും അനുബന്ധ മേഖലകളിലും കേരളത്തിൽ നിന്നുള്ള എംഎസ്എംഇ-കൾക്ക് ഉൽപ്പന്നങ്ങൾ, സാങ്കേതികവിദ്യകൾ, ദേശീയ, അന്തർദേശീയ ഉപഭോക്താക്കൾക്ക് സേവനങ്ങൾ പ്രദർശിപ്പിക്കുന്നതിനും ഓർഡർ ബുക്കിംഗുകൾ സൃഷ്ടിക്കുന്നതിനും വ്യവസായനെറ്റ്‌വർക്ക്/ബിസിനസ്സ് കോൺടാക്റ്റുകൾ സ്ഥാപിക്കുന്നതിനും അവസരമൊരുങ്ങി.

കേരളത്തിൽ നിന്നുമുള്ള 14 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് കേരളത്തെ പ്രതിനിധീകരിച്ചു മേളയിലെ കേരള പവലിയനിൽ പങ്കെടുത്തത്. 1 ലക്ഷം സ്ക്വയർ മീറ്റർ ചുറ്റളവിൽ സംഘടിപ്പിച്ച മേളയുടെ പ്രധാന ആകർഷകങ്ങളിൽ ഒന്നായിരുന്നു കേരള പവലിയൻ. ദിവസവും ഏകദേശം പതിനായിരത്തിലധികം ബിസിനസ്സ് സന്ദർശകർ പങ്കെടുത്ത മേളയിൽ സംഘടനാ മികവ് കൊണ്ടും ഉൽപ്പന്ന വൈവിധ്യം കൊണ്ടും കേരള പവലിയൻ സന്ദർശക പ്രശംസ നേടി.

ആഹാർ 2025 ലെ കേരള പവലിയനിൽ ഭക്ഷ്യ സംസ്കരണ, അനുബന്ധ മേഖലകളിലായി താഴെപ്പറയുന്ന കേരളത്തിൽ നിന്നുള്ള MSME-കൾ പങ്കാളിത്തം ഉറപ്പാക്കിയിരുന്നു.

- ഭവാനി ഫുഡ് പ്രോഡക്ട്സ്
- സെഞ്ച്വറി പോളിമേഴ്സ്
- ഏലംസ്പൈസ് എക്സ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്
- ഗ്രീൻ റൂട്ട് ഡ്രിങ്ക്സ്
- ഹാപ്പി ഹെർബൽ കെയർ
- കുരുവില്ല & സൺസ്
- മാക്ലേ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്
- മലബാർ കോക്കനട്ട് പ്രോഡക്ട്സ്
- നില ഹെർബൽസ്
- നൈസ് സ്വീറ്റ്സ്
- നൈൽ ഫുഡ് പ്രോഡക്ട്സ്
- നോൺ റെസിഡന്റ് കേരളൈറ്റ്സ് ഫുഡ് (LLP)
- പവർബോസ്പാക്ക് പ്രൈവറ്റ് ലിമിറ്റഡ്
- സ്പൈസ് ഷട്ടിൽ കോണ്ടിമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്

ഉത്പാദകരും സംരംഭകരും വൻകിട കച്ചവടക്കാരുമായി ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും കച്ചവട സാദ്ധ്യതകൾ വിപുലീകരിക്കുന്നതിനുമായി അവസരമൊരുക്കുന്ന B2B മീറ്റുകൾ കേരളത്തെ പ്രതിനിധീകരിച്ചു മേളയിൽ പങ്കെടുത്ത യൂണിറ്റുകൾക്ക് മികച്ച വ്യവസായ വാണിജ്യ അവസരങ്ങൾക്ക് വഴിയൊരുക്കുന്നതായി മാറുന്നതാണെന്ന് അവർ അഭിപ്രായപ്പെട്ടു. ഉത്പന്ന പ്രദർശനങ്ങൾക്കൊപ്പം മറ്റ് സംസ്ഥാനങ്ങളുടെയും രാജ്യങ്ങളുടെയും മേളയിൽ പങ്കാളികളായവരുടെയും ഉത്പന്ന-മെഷിനറികളിൽ നിന്ന് പ്രചോദങ്ങൾ ഉൾക്കൊള്ളുന്നതിനും മാതൃകകൾ സ്വായത്തമാക്കുന്നതിനും നവീന വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും അവർക്ക് സാധിച്ചു.

മികച്ച ഭക്ഷ്യ സംസ്കരണ ഉൽപ്പന്ന പ്രദർശനത്തിന് വഴിയൊരുക്കുക, വിപണി പ്രവണതകൾ വിലയിരുത്തുക, ഹോസ്പിറ്റാലിറ്റി മേഖലയുടെ സാധ്യതകൾ അനാവരണം ചെയ്യുക, സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും സേവനങ്ങളും പരിചയപ്പെടുത്തുക എന്നിവയായിരുന്നു നാല് ദിവസമായി സംഘടിപ്പിച്ച B2B ഇവന്റായ ആഹാർ- ന്റെ പ്രധാന ലക്ഷ്യങ്ങൾ.